# കേരള സർക്കാർ

സ്റ്റോഴ്സ് പർച്ചേയ്സ് വകുപ്പ് - ഖാദി ബോർഡ് യൂണിറ്റുകളിൽ നിന്നും ഫയൽ ബോർഡുകൾ നേരിട്ട് വാങ്ങുന്നതിനുള്ള അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## സ്റ്റോഴ്സ് പർച്ചേയ്സ് (ബി) വകുപ്പ്

സ.ഉ.(സാധാ) 34/14/എസ് പി ഡി തിരുവനന്തപുരം, തീയതി, 7.6.2014

---

പരാമർശം :- 1. സ.ഉ (സാധാ)04/14/എസ് പി ഡി തീയതി 17.1.2014.
2. സ്റ്റേഷനറി കൺട്രോളറുടെ 4.1.2014 ലെ 14748/സി1/13/സ്റ്റേ. നമ്പർ കത്ത്.

## ഉത്തരവ്

പരാമർശ ഉത്തരവ് പ്രകാരം ഫയൽ ബോർഡു കളുടെ വില ഒന്നിന് 15/- രൂപാ നിരക്കിൽ നിലവിലുള്ള സ്റ്റോഴ്സ് പർച്ചേയ്സ് മാന്വലിലെ ഖണ്ഡിക 9.23 ൽ ഇളവ് വരുത്തിക്കൊണ്ട് കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസിന്റെ യൂണിറ്റുകളിൽ നിന്ന് 5.2.2014 മുതൽ ഒരു വർഷത്തേയ്ക്ക് ഫയൽ ബോർഡ് വാങ്ങുന്നതിന് അനുമതി നൽകിയിരുന്നു.

സമസ്ത മേഖലകളിലും ഉണ്ടായിട്ടുള്ള വിലവർദ്ധനവ്, കയറ്റിറക്ക് കൂലി, സാധനങ്ങളുടെ വില എന്നിവ ഇപ്പോൾ വളരെയധികം വർദ്ധിപ്പിച്ചിരിക്കുന്നതിനാൽ ഫയൽ ബോർഡുകളുടെ വില 19/- രൂപാ നിരക്കിൽ വർദ്ധിപ്പിച്ച് ഖാദി ബോർഡ് യൂണിറ്റുകളിൽ നിന്ന് നേരിട്ട് ഫയൽ ബോർഡ് വാങ്ങുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം രണ്ട് പ്രകാരം സ്റ്റേഷനറി കൺട്രോളർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ഫയൽ ബോർഡിന്റെ വില ഒന്നിന് 19/- രൂപാ നിരക്കിൽ നിലവിലുള്ള സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23 ഇളവ് വരുത്തിക്കൊണ്ട് ഖാദി ബോർഡ് യൂണിറ്റുകളിൽ നിന്ന് ഫയൽ ബോർഡ് നേരിട്ട് വാങ്ങുന്നതിന് സർക്കാർ/പൊതുമേഖലാ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

എം.എ.സ്റ്റീഫൻ
അണ്ടർ സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/
എല്ലാ വകുപ്പ് തലവൻമാർക്ക്/പൊതുമേഖലാ സ്ഥാപനങ്ങൾ/തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയ്ക്കും
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ& ഇ), കേരള, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മീഷണർ (ബ്ലോക്ക് പഞ്ചായത്തിന്റെ അറിവിലേക്ക്)
പഞ്ചായത്തുകളുടെ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് (എല്ലാ ഗ്രാമ പഞ്ചായത്തിലേക്കും)
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
സെക്രട്ടറി, കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്, തിരുവനന്തപുരം.
സ്റ്റേഷനറി കൺട്രോളർ, തിരുവനന്തപുരം
ഉന്നത വിദ്യാഭ്യാസ വകുപ്പ്(U.O.983/എച്ച്2/14/ഉ വിവ സഹിതം)
സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും (നിയമവും ധനകാര്യവും ഉൾപ്പെടെ)
സി ഡിറ്റ്, ഗോർക്കി ഭവൻ, വാൻറോസ് ജംഗ്ഷൻ, തിരുവനന്തപുരം
(സ്റ്റോർസ് പർച്ചേസ് വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം.(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
സ്റ്റോർ പർച്ചേയ്സ് (എ, ഇൻസ്പെക്ഷൻ I & II) വകുപ്പുകൾ
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Robin.C.V

സെക്ഷൻ ഓഫീസർ